JANAYUGAM - 27-06-2025

# മത്സ്യമേഖലയിലെ നിരീക്ഷണ പഠനങ്ങൾ വർധിപ്പിക്കണം

കൊച്ചി: മത്സ്യ മേഖലയിലെ ഉല്പാദകർ, കയറ്റുമതിക്കാർ, ഇടനിലക്കാർ തുടങ്ങി വിവിധ തലങ്ങളിലുള്ള നിരീക്ഷണ പഠനങ്ങൾ വർധിപ്പിക്കണമെന്ന് കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിൽ മത്സ്യമേഖലയിലെ നിരീക്ഷണങ്ങളെക്കുറിച്ചുള്ള (ട്രേസബിലിറ്റി ഇൻ ഫിഷറീസ്) ദേശീയ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക ട്രേസബിലിറ്റി സംവിധാനങ്ങളിലൂടെ മത്സ്യ വിപണന ശൃംഖല ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ചൂണ്ടിക്കാട്ടി. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ സ്വാഗതം ആശംസിച്ചു. ഐസിഎആറിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. ജെ കെ ജെന അധ്യക്ഷത വഹിച്ചു.

മൂല്യവർധിത മത്സ്യ ഉല്പന്നങ്ങൾക്കായി മത്സ്യ സംസ്കരണ യൂണിറ്റ് ഉത്തരാഖണ്ഡിൽ സ്ഥാപിക്കുന്നതിനായി ഉത്തരാഖണ്ഡ് ഫിഷറീസ് വകുപ്പും സിഫ്റ്റും തമ്മിൽ ധാരണാപത്രം ചടങ്ങിൽ കൈമാറി. ഉത്തരാഖണ്ഡ് ഫിഷറീസ് വകുപ്പ് സെക്രട്ടറി ഡോ. ബിവിആർസി പുരുഷോത്തം, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹെറ, കോഡെക്സ് അലിമെന്റേറിയസ് കമ്മിഷന്റെ മുൻ ചെയർപേഴ്സണും എപിഇഡിഎയുടെ മുൻ ഡയറക്ടറുമായ സഞ്ജയ് ദേവ്, സിഫ്റ്റിലെ ക്വാളിറ്റി അഷ്വറൻസ് ആന്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. സൈനുദീൻ എ എ എന്നിവർ സംസാരിച്ചു. കേന്ദ്ര-സംസ്ഥാന ഫിഷറീസ് വകുപ്പുകൾ, ഐസിഎആർ ഗവേഷണ സ്ഥാപനങ്ങൾ, എഫ്എസ്എസ്എഐ, എംപിഇഡിഎ, ഇഐസി, എൻജിഒകൾ, അക്കാദമിക് സ്ഥാപനങ്ങൾ, സമുദ്രോല്പന്ന വ്യവസായങ്ങൾ എന്നിവയിൽ നിന്നുള്ള വിദഗ്ധർ ശില്പശാലയിൽ പങ്കെടുത്തു.



മത്സ്യമേഖലയിലെ ട്രേസബിലിറ്റിയെക്കുറിച്ച് സിഫ്റ്റിൽ നടന്ന ദേശീയ ശില്പശാലയിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ സംസാരിക്കുന്നു